**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1455** **30-08-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലയിലെ ദേവസ്വം പട്ടയകേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ ദേവസ്വം പട്ടയകേസുകൾ കൈകാര്യം ചെയ്യുന്ന കണ്ണൂർ ഡെപ്യൂട്ടി കളക്ടറുടെ ലാന്റ് ട്രിബ്യൂണൽ ഓഫീസിൽ എത്ര അപേക്ഷകളാണ് തീർപ്പുകൽപ്പിക്കാൻ ബാക്കിയുള്ളതെന്ന് അറിയിക്കാമോ; | (എ) | 3604 അപേക്ഷകൾ തീർപ്പ കൽപ്പിക്കാൻ ബാക്കിയുണ്ട്. |
| (ബി) | ഏതുവർഷം, ഏതുമാസം വരെ നൽകിയ അപേക്ഷകളിലാണ് നിലവിൽ തീരുമാനമായിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | കണ്ണൂർ ജില്ലയിൽ ചുവടെ പറയുന്ന 3 ദേവസ്വം ലാന്റ് ട്രിബ്യൂണലുകളാണുള്ളത്.<br><br>1. <u>ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) ദേവസ്വം ലാൻഡ് ട്രൈബ്യൂണൽ, കണ്ണൂർ താലൂക്ക്-</u>2020 ഡിസംബർ വരെ ലഭിച്ച അപേക്ഷകൾ വിചാരണയ്ക്ക് എടുത്തിട്ടുണ്ട്.<br><br>2. <u>ഡെപ്യൂട്ടി കളക്ടർ (ആർ.ആർ) ദേവസ്വം ലാൻഡ് ട്രൈബ്യൂണൽ, തളിപ്പറമ്പ് താലൂക്ക്-</u>2015 ഡിസംബർ വരെ ലഭിച്ച അപേക്ഷകൾ വിചാരണയ്ക്ക് എടുത്തിട്ടുണ്ട്.<br><br>3. <u>ഡെപ്യൂട്ടി കളക്ടർ (ഡി.എം) ദേവസ്വം ലാൻഡ് ട്രൈബ്യൂണൽ, തലശ്ശേരി & ഇരിട്ടി താലൂക്ക്-</u>2018 ഡിസംബർ വരെ ലഭിച്ച അപേക്ഷകൾ വിചാരണയ്ക്ക് എടുത്തിട്ടുണ്ട്.<br><br>മേൽപ്പറഞ്ഞ വർഷങ്ങൾ കേസുകൾ വിചാരണക്ക് എടുത്തെങ്കിലും മുൻ വർഷങ്ങളിലുള്ള കേസുകളും തീർപ്പാക്കാനുണ്ട്. കക്ഷികൾ രേഖകൾ പൂർണ്ണമായി സമർപ്പിക്കാത്ത സാഹചര്യത്തിലും എതിർകക്ഷികൾ തടസ്സവാദം ഉന്നയിക്കുന്ന സാഹചര്യത്തിലും അത്തരം കേസുകൾ തീരുമാനമാകാതെ നീണ്ടു പോകാറുണ്ട്. ലാൻഡ് ട്രൈബ്യൂണലുകൾ സിവിൽ കോടതി ആയതിനാൽ വിചാരണ, തെളിവെടുപ്പ്, |

| | | | |
|---|---|---|---|
| | | | എതിർകക്ഷികളുടെ ആക്ഷേപങ്ങൾ പരിഗണിക്കൽ എന്നീ നടപടിക്രമങ്ങൾ പരിഗണിച്ചാണ് തീരുമാനം എടുക്കുന്നത്. ഇക്കാരണത്താലാണ് മുൻ വർഷത്തെ കേസുകൾ തീർപ്പാക്കാനായി ശേഷിക്കുന്നത്. |
| (സി) | വർഷങ്ങൾക്ക് മുമ്പ് നൽകിയ അപേക്ഷകൾ തീരുമാനമാകാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലാന്റ് ട്രൈബ്യൂണലിന് സിവിൽ കോടതിയുടേതായ അധികാരങ്ങളാണുള്ളത്. നോട്ടീസ് നൽകൽ, വിചാരണ, തെളിവെടുപ്പ്, രേഖകൾ ഹാജരാക്കൽ തുടങ്ങിയ നടപടിക്രമം പാലിച്ചാണ് കേസുകളിൽ തീരുമാനം എടുക്കുന്നത്. ദേവസ്വത്തിന്റെ എതിർവാദം ഉള്ള കേസുകളിലും കുടിയായ്മ തെളിയിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കാത്ത കേസുകളിലും തീർപ്പ് കൽപ്പിക്കാൻ താമസം ഉണ്ടാകും. ദേവസ്വം ഭൂമികളിൽ ലാൻഡ് ട്രൈബ്യൂണൽ പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് റിട്ട് പെറ്റീഷൻ (സി) 8851/2020 നമ്പർ കേസ് നിലവിലുണ്ട്. ഈ കേസിലുണ്ടായ ഇടക്കാല ഉത്തരവിൽ ദേവസ്വങ്ങൾ ഹാജരായി അവരെ കേൾക്കാതെ ഉത്തരവ് പുറപ്പെടുവിക്കരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാരണങ്ങളാൽ ദേവസ്വം ട്രൈബ്യൂണൽ കേസുകൾ തീർപ്പാക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നുണ്ട്. |
| (ഡി) | കെട്ടിക്കിടക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് പ്രത്യേക അദാലത്തുകളോ മറ്റ് മാർഗ്ഗങ്ങളോ സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ലാന്റ് ട്രൈബ്യൂണലുകളിൽ തീർപ്പാക്കാനായി ശേഷിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നിരവധി കർമ്മ പദ്ധതികൾ സർക്കാർ തലത്തിലും സ്റ്റേറ്റ് ലാൻഡ് ബോർഡ് തലത്തിലും നടത്തി വരുന്നുണ്ട്. സർക്കാരിന്റെ ഒന്നാം നൂറുദിന കർമ്മ പരിപാടിയിലും രണ്ടാം നൂറുദിന കർമ്മ പരിപാടിയിലും ഉൾപ്പെടുത്തി സംസ്ഥാനത്തെ ലാന്റ് ട്രൈബ്യൂണലുകൾ 47744 ലാന്റ് ട്രൈബ്യൂണൽ പട്ടയങ്ങൾ നൽകിയിട്ടുണ്ട്. തുടർന്നും ലാന്റ് ട്രൈബ്യൂണൽ കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള കർമ്മപദ്ധതികൾ, അദാലത്തുകൾ എന്നിവ നടപ്പാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ